എച്ച്.വി(2)-980/2020

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി.06/03/2020.

സർക്കുലർ നമ്പർ : 17/2020

വിഷയം:-സഹകരണവകുപ്പ്-കേരള സംസ്ഥാന വനിതാ ഫെഡറേഷൻ ക്ലിപ്തം നമ്പർ.4440-സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നതിനുള്ള അനുവാദം സംബന്ധിച്ച്.

സൂചന :-സംഘം ഭരണസമിതിയുടെ 03/03/2020ലെ 16-)0 നമ്പർ തീരുമാനം.

കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം.4440 (വനിതാഫെഡ്) പ്രാഥമിക വനിതാ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് പലിശരഹിത/പലിശ സബ്സിഡി ധനസഹായം നൽകുന്നതിന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം,ഓഹരി എന്നീ ഇനങ്ങളിൽ ഫണ്ട് സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി സംഘം ഭരണസമിതി സൂചന(1) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഫെഡറേഷന്റെ ബൈലാ വ്യവസ്ഥ 8(iii) പ്രകാരം വനിതാ സഹകരണ സംഘങ്ങളിൽ നിന്നും മറ്റ് സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനും ബൈലാ വ്യവസ്ഥ 4(c) പ്രകാരം മറ്റ് സഹകരണ സംഘങ്ങൾക്ക് സി ക്ലാസ് ഓഹരി നൽകുന്നതിനും വ്യവസ്ഥയുണ്ട്.

പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി ടി സംഘങ്ങളുടെ വിവിധ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനും വനിതാഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കും വനിതാഫെഡിന് സ്വന്തമായി ഫണ്ടുകൾ ലഭ്യമല്ല. സംസ്ഥാനത്തെ പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും വനിതകൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്ന തൊഴിൽ നൽകുന്നതിനും വനിതാഫെഡ് വിവിധ സംരഭങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1969ലെ കേരള സഹകരണ നിയമം വകുപ്പ് 57 പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് സംഘത്തിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കുന്നതിനും വകുപ്പ്

57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം ഒരു സംഘത്തിന് അതിന്റെ ഫണ്ടുകൾ മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

സൂചന(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം.4440 (വനിതാഫെഡ്)ൽ പരമാവധി 25,000/-രൂപവരെ നിക്ഷേപമായോ ടി സ്ഥാപനത്തിൽ ഓഹരിയിനത്തിലോ നിക്ഷേപം നടത്തുന്നതിന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അനുവാദം നൽകുന്നു.

ഒപ്പ്
ഡോ.പി.കെ.ജയശ്രീ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. മാനേജിംഗ് ഡയറക്ടർ
   കേരള വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് .4440
   കെ.എസ്.സി.ബി.ബിൽഡിംഗ്,ഓവർബ്രിഡ്ജ് JN.,തിരുവനന്തപുരം.
2. സഹകരണ ആഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. സ്റ്റോക്ക് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എസ്&എച്ച്. വി)